(ഇ) രണ്ടാമത്തെ റീച്ച് നിർമ്മിക്കുന്നതിന് താഴെപ്പറയുന്ന തടസ്സങ്ങൾ നേരിടുന്നുണ്ട്.

1. സ്ഥലം ലഭ്യമാകാത്ത സാഹചര്യം.

2. സമീപവാസികളുടെ എതിർപ്പ്.

(എഫ്) 1, 3 റീച്ചുകളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് കിറ്റ്കോയെ ഏൽപ്പിച്ചിട്ടുണ്ട്. ആയത് ഇതുവരെ ലഭ്യമായിട്ടില്ല.

**സി.സി.എം.വൈ. സബ് സെന്ററുകൾ**

317 (3299) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.സി.എം.വൈ-യ്ക്കായി എത്ര സബ് സെന്റർ ആരംഭിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത സെന്ററുകളുടെ മേൽവിലാസം നൽകുമോ ;

(സി) പ്രസ്തുത സെന്ററുകൾ തെരഞ്ഞെടുക്കുന്നതിനായി സ്വീകരിച്ച നടപടി വിശദീകരിക്കാമോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും നോട്ടിഫിക്കേഷൻ/ പത്രപരസ്യം നൽകിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത സെന്ററുകളിൽ എത്ര പ്രിൻസിപ്പൽമാരെ നിയമിച്ചിട്ടുണ്ട് ; ഇവരുടെ നിയമനത്തിനായി നോട്ടിഫിക്കേഷൻ/പത്രപരസ്യം നൽകിയിരുന്നോ ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ&ബി)വിവിധ ജില്ലകളിലായി അനുവദിച്ച 21 ഉപകേന്ദ്രങ്ങളിൽ 20 എണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് മേൽവിലാസം ഉൾപ്പെടെ ചുവടെ ചേർക്കുന്നു ;

തിരുവനന്തപുരം :

- മുസ്ലീം ജമാഅത്ത് സംയുക്ത സമിതി, പൂവച്ചൽ മേഖല, പൂവച്ചൽ പി.ഒ., തിരുവനന്തപുരം, പിൻ-695 575.
- കന്യാകുളങ്ങര ജമാഅത്ത് എഡ്യൂക്കേഷണൽ ട്രസ്റ്റ്, കന്യാകുളങ്ങര, വെമ്പായം പി.ഒ., തിരുവനന്തപുരം-695615.
- കടുവയിൽതങ്ങൾ ചാരിറ്റബിൾ ട്രസ്റ്റ്, കടുവയിൽ, തോട്ടയ്ക്കാട് പി.ഒ., തിരുവനന്തപുരം-695605.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം :

- സഫ അക്കാദമി ഓഫ് സിവിൽ സർവ്വീസ്, പൂക്കാട്ടിരി, എടയൂർ, വളാഞ്ചേരി, മലപ്പുറം, പിൻ 676554.
- പുത്തൻ തെരുവ് മുസ്ലീം ജമാഅത്ത് കമ്മിറ്റി, പി.ഒ.കെ. പുരം (വഴി) താനാളൂർ, മലപ്പുറം, പിൻ 676307.
- മഅ്ദിൻ അക്കാമി, സ്വലാത്ത് നഗർ, മേൽമുറി പി.ഒ., മലപ്പുറം, പിൻ - 676517.
- ജാമിയനദവിയ എടവണ്ണ, സാലാ നഗർ, എടവണ്ണ, മലപ്പുറം, പിൻ- 676541.
- ദാറുൽ നജാത്ത്, ഓർഫനേജ് കരുവാരക്കുണ്ട്, മലപ്പുറം.
- പാണക്കാട് സയ്യിദ് മുഹമ്മദ് അലി ഷിഹാബ് തങ്ങൾ സ്മാരക നഗരസഭ ലൈബ്രറി, മലപ്പുറം മുനിസിപ്പാലിറ്റി.

കണ്ണൂർ :

- എളയാവൂർ മനാറുൽ ഹുദാ മുസ്ലീം ജമാഅത്ത് കമ്മിറ്റി, വാരം പി.ഒ., കണ്ണൂർ-670594.
- ഇഖ്റ ഇസ്ലാമിക് വിമൻസ് കോളേജ്, പാനൂർ പി.ഒ., കണ്ണൂർ.
- കമാലിയ മദ്രസ്സ സ്കൂൾ, എഡ്യൂക്കേഷൻ കമ്മിറ്റി (രജിസ്റ്റർ നമ്പർ എസ്.-29/1964) ഇരിക്കൂർ പി.ഒ., കണ്ണൂർ 670593.
- സർസയ്യിദ് ഹയർ സെക്കണ്ടറി സ്കൂൾ കരിമ്പം പി.ഒ., തളിപ്പറമ്പ്-670142

എറണാകുളം :

- ഇസ്ലാമിക് വെൽഫയർ ഫോറം, എടവനക്കാട് പി.ഒ., എറണാകുളം-682502.
- നാഷണൽ സ്കൂൾ ഇക്ബാൽ സ്മയർ, മേപ്രത്ത് പാടി, വേങ്ങോല, പെരുമ്പാവൂർ, എറണാകുളം 683554.

പാലക്കാട് :

- മണ്ണാർക്കാട് മുസ്ലീം ഓർഫനേജ് കമ്മിറ്റി, നാഗത്ത് നഗർ, നെല്ലിപ്പുഴ, മണ്ണാർക്കാട്, പാലക്കാട് പിൻ -678582.
- അൽഹുദാ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ, ഓങ്ങല്ലൂർ പി.ഒ., പട്ടാമ്പി, പാലക്കാട്, പിൻ -679313.

കോഴിക്കോട് :

- മുബാറക് അറബി കോളേജ്, പുണ്ടൂർ-ഉണ്ണിക്കുളം പി.ഒ., കോഴിക്കോട്- 673574.

തൃശ്ശൂർ :

- ചേരമാൻ ജുമാ മസ്ജിദ്, ചേരമാൻ മാലിക് നഗർ, കൊടുങ്ങല്ലൂർ പി.ഒ., തൃശ്ശൂർ - 680664.

കോട്ടയം :

- മുസ്ലീം സർവ്വീസ് സൊസൈറ്റി, എം.എസ്.എസ്. കൾച്ചറൽ സെന്റർ, എം.എസ്.എസ്. ജംഗ്ഷൻ, പത്തനാട്, കങ്ങഴ പി.ഒ., കോട്ടയം-686541.

(സി) ന്യനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ പരിശീലനകേന്ദ്രം നടത്താൻ ആവശ്യമായ സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും സൗജന്യമായി ലഭ്യമാക്കിയ ന്യനപക്ഷ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമാണ് ഫാക്കൽറ്റി ഓണറേറിയം മാത്രം വകപ്പ് നൽകുമെന്ന വ്യവസ്ഥയിൽ പരിശീലന ഉപകേന്ദ്രങ്ങൾ അനുവദിച്ചിട്ടുള്ളത്. മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കൊപ്പം 'നിലവിലുള്ള പരിശീലന കേന്ദ്രങ്ങളിൽ നിന്ന് ചുരുങ്ങിയത് 20 കിലോമീറ്റർ ദൂരപരിധിയുണ്ടായിരിക്കണം' എന്ന പൊതു മാനദണ്ഡവും ഉപകേന്ദ്രങ്ങൾ അനുവദിക്കുന്നതിൽ സ്വീകരിച്ചിരുന്നു. ഈ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഉപകേന്ദ്രങ്ങൾ അനുവദിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് മറ്റ് നോട്ടിഫിക്കേഷൻ/പത്ര പരസ്യം നൽകിയിരുന്നില്ല.

(ഡി) ഉപകേന്ദ്രങ്ങൾക്കായി പ്രിൻസിപ്പൽമാരെ നിയമിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly